**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. വി.കിഷോർകുമാറിന്റെ 03.11.2012 മുതൽ 22.11.2015 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.2856/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 07/11/2018.**

---

പരാമർശം: 1) 25.10.2007 ലെ സ.ഉ(സാധാ)നം. 2891/2007/തസ്വഭവ

2) ശ്രീ. വി.കിഷോർകുമാർ, ഓഫീസ് അറ്റൻഡന്റിന്റെ 24.02.2018 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 27.03.2018 ലെ ഇ 10-10482/17 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ വി.കിഷോർകുമാറിന് പരാമർശം (1) പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുകയും ടിയാൻ അവധിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ അവധി അവസാനിച്ച 02.11.2012 ന് ശേഷം ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും അനധികൃത ഹാജരില്ലായ്മയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി നടപടി സ്വീകരിക്കുകയും ടിയാന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടുകൂടി തടഞ്ഞുകൊണ്ട് 02.05.2016 ലെ ഡി3-9872/13 നടപടിക്രമപ്രകാരം അച്ചടക്കനടപടികൾ അവസാനിപ്പിക്കുകയും 03.11.2012 മുതൽ 22.11.2015 വരെയുള്ള അനധികൃത ഹാജരില്ലായ്മ ക്രമവൽക്കരിക്കുന്നതിനായി പരാമർശം (2) പ്രകാരം ടിയാൻ ശൂന്യവേതനാവധിയപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയും അനുബന്ധങ്ങളും അനുകൂല ശുപാർശയോടെ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

പരാമർശം (1) പ്രകാരം ശ്രീ. വി.കിഷോർകുമാർ, ഓഫീസ് അറ്റൻഡന്റിന് കെ.എസ്.ആർ പാർട്ട് I, അപ്പൻഡിക്സ് XII A ലെ വ്യവസ്ഥകൾ പ്രകാരം വിദേശത്ത് ജോലി ചെയ്യുന്നതിനായി 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുകയും ടിയാനെ 02.11.2007 ന് വിടുതൽ ചെയ്യുകയും ചെയ്തു. 31.03.2005 FN ൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ. വി.കിഷോർകുമാറിന്റെ പ്യൂൺ തസ്തികയിലെ പ്രോബേഷൻ 31.03.2006 FN ൽ വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതായി മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.03.2007 ലെ D3-1608/07 നം. ഉത്തരവ് പ്രകാരം സേവനപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ. വി.കിഷോർകുമാർ, ഓഫീസ് അറ്റൻഡന്റിന് അനുവദിച്ചിരുന്ന

ശൂന്യവേതനാവധി അവസാനിച്ചതിന് ശേഷം 03.11.2012 മുതൽ 22.11.2015 വരെ ടിയാൻ ജോലിക്ക് ഹാജരായിട്ടില്ലാത്തതും പ്രസ്തുത അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. വി. കിഷോർകുമാറിന്റെ അനധികൃത ഹാജരില്ലായ്മയ്ക്ക് കുറ്റാരോപണ മെമ്മോ നൽകി നടപടി സ്വീകരിക്കുകയും 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടുകൂടി തടഞ്ഞുകൊണ്ട് അച്ചടക്കനടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, 03.11.2012 മുതൽ 22.11.2015 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ്, 03.11.2012 ൽ ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതിനാൽ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം 'നോൺ ഡ്യൂട്ടി' യായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ. വി.കിഷോർകുമാർ, ഓഫീസ് അറ്റൻഡന്റ്, ആതവനാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ് ( 21.08.2018 ലെ DEV-1/147/2018-FIN നമ്പർ കുറിപ്പ്)

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

ഓഫീസ് പകർപ്പ് (ഇപിഎ 2/65/2018/തസ്വഭവ)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ